# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 192

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2014 ജൂൺ മാസം 8–ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നുവല്ലോ. പരിസ്ഥിതി അവബോധം ഇന്നു സഭയുടെയും, ലോക രാഷ്ട്രങ്ങളുടെയും പ്രവർത്തനമേഖലയിലെ മുഖ്യചിന്താവിഷയമായി തീർന്നിരിക്കുന്നു. "ഭൂമിയും, അതിന്റെ പൂർണ്ണതയും, ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കു ള്ളതാകുന്നു" (സങ്കീർത്തനം 24:1) എന്ന തിരുവെഴുത്തുകൾ ഇടവകതലത്തിൽ പ്രഘോഷിക്കുന്നതിനും, കർമ്മ പരിപാടികളിൽ കൂടി ഈ അവബോധം സമൂഹത്തിൽ വളർത്തുന്നതിനും നാം ശ്രമിക്കേണ്ടതാണ്. ദോഷമായതിനെ സ്വീകരിക്കുന്നതു മാത്രമല്ല പാപം, ദൈവം നല്ലതെന്നു പ്രഖ്യാപിച്ച പ്രകൃതിയെ ദുരുപയോഗപ്പെടുത്തു ന്നതും ദൈവനിഷേധമാണ്. പരിസ്ഥിതി പാപങ്ങളായ ജലമലിനീകരണം, വായു മലിനീകരണം എന്നിവയെ വിട്ടൊഴിയുവാനും ശ്രമിക്കേണ്ടതുണ്ട്.

ജലസ്രോതസ്സുകൾ മലിനീകരിക്കാതെ സൂക്ഷിക്കുന്നതിനും, കുടിവെള്ളം എല്ലാവർക്കും സുലഭമായി ലഭിക്കുന്നതിനും നാം ശ്രദ്ധിക്കേണ്ടതാണ്.

പള്ളിയും, റോഡുകളും, വീടും അതിന്റെ പരിസരങ്ങളും പ്രകൃതി സൗഹൃദമായി സൂക്ഷിക്കുന്നതിനും, പള്ളിക്കു ചുറ്റും, പൊതുസ്ഥലങ്ങളിലും മരം വച്ചുപിടിപ്പിക്കുന്ന തിനും നാം ബോധപൂർവ്വം ശ്രമിക്കുമല്ലോ. അന്തരീക്ഷത്തിലെ ചൂട് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നാം സാമൂഹികതലത്തിൽ ആരായേണ്ടതാണ്. ദൈവത്തിന്റെ ദാനമായ ജീവനെ സംരക്ഷിക്കുന്നതിനാവശ്യമായ കാര്യവിചാരകത്വബോധവും നമുക്കാവശ്യം. ഭൂമി കേന്ദ്രീകൃതമായ (Eco–centric) ഒരവബോധമാണ് ഇന്നിന്റെ ആവശ്യം. ആയത് ഒരു വിശ്വാസ വിഷയമായി തന്നെ നാം അംഗീകരിക്കേണ്ടതാണ്(faith issue). പരിസ്ഥിതിയെ സംവിധാനം ചെയ്ത് കാത്തു സൂക്ഷിക്കുകയും അതിനെ ആരോഗ്യകരവും മനോഹരവും ആക്കി സംരക്ഷിച്ച് ഫലദായകമാക്കുക എന്നതാണ് ദൈവം മനുഷ്യർക്ക് നൽകിയ നിയോഗം(ഉല്പ 2:15).

പ്രിയരെ, ദൈവം ദാനമായി എല്ലാവർക്കും നൽകിയിരിക്കുന്ന പ്രകൃതിയിലെ വിഭവങ്ങൾ ഭാവി തലമുറയ്ക്കുവേണ്ടിയും കരുതിവെയ്ക്കുന്നതിനും, പരിസ്ഥിതി നീതിബോധം പ്രേഷിതവേലയുടെ ഭാഗമായി വളർത്തിയെടുക്കുന്നതിനും സഭയുടെ പരിസ്ഥിതി ഞായറാഴ്ച ആചരണം ഇടയായിത്തീരട്ടെ.

"ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ" (സങ്കീർത്തനം 150:6)

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ഏപ്രിൽ 24–ാം തീയതി,

J mmalabar

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# FROM THE APOSTOLIC SEE OF MALANKARA
## METROPOLITAN DR. JOSEPH MAR THOMA

Circular No.192

*Blessings to you all the Vicars, Resident Clergy, Trustees*
*and Members of all the Parishes under our authority*

Beloved in Christ,

We have set apart 8th June 2014 as the Environment Sunday. Eco-consciousness has become the main subject of thought within the realm of activities of the Church and the nations of the world. We must strive to preach in our parishes the scriptural message, "The earth is the Lord's and all that is in it, the world and those who live in it."(Psalms 24:1) and to cultivate this awareness in society through activities and programs. Sin is not merely embracing evil; misuse of nature that God declared as good also amounts to denial of God. We should strive to stay away from the `eco-sins' of water pollution and air pollution.

We must pay attention to keeping water resources unpolluted and making drinking water plentifully available to everyone.

We must make a conscious effort to keep the church, roads, houses and their surrounding eco-friendly and to plant trees around the church and in public places. The atmospheric temperature has risen beyond limits. We have to look for solutions to this problem at the social level. We also need to have the sense of stewardship, which is necessary for the protection of life that is a gift of God. An eco-centric consciousness is the need of the day. We should take it as a faith issue. It is the responsibility of all human being is to design and protect the environment so that which may become healthy, beautiful and fruitful (Genesis 2:15).

Beloved, may the observance of the Environment Sunday enable us to preserve for our future generations the natural resources God has gifted to all and to cherish eco-justice as part of our mission.

"Let everything that breathes praise the Lord" (Psalm 150:6)

Grace be with you all.

Dated 24th April 2014 from Poolatheen, Tiruvalla

J mmalabar

Dr.Joseph Mar Thoma Metropolitan

# ഒരു പരിസ്ഥിതി സൗഹൃദ ശുശ്രൂഷ ക്രമം

(പരിസ്ഥിതി ഞായറാഴ്ച 8–6–2014 ഉപയോഗിക്കുന്നതിനുള്ള ക്രമം)

സ്തുതി സ്തോത്രങ്ങൾ: ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.(സങ്കീ 19:1)

പ്രതിവാക്യം: ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും സർവ്വേശ്വരനുള്ളതാകുന്നു. (സങ്കീ 24:1)

ലീ: ഭൂലോകവും അതിന്റെ നിറവും സർവ്വേശ്വരനുള്ളതാകുന്നു(സങ്കീ 50:12)

പ്ര: സൂര്യന്റെ ഉദയം മുതൽ അസ്തമയം വരെ ദൈവം ഭൂമിയെ വിളിക്കുന്നു (സങ്കീ 50:1)

ലീ: ആകാശത്തിലും ഭൂമിയിലും സമുദ്രങ്ങളിലും എല്ലാ ആഴങ്ങളിലും യഹോവ തനിക്ക് ഇഷ്ടമുള്ളതൊക്കെയും ചെയ്യുന്നു(സങ്കീ 135:6)

പ്ര: അവൻ ഭൂമിയുടെ അറ്റത്തുനിന്നു നീരാവി പൊങ്ങുമാറാക്കുന്നു; അവൻ മഴെക്കായി മിന്നലുകളെ ഉണ്ടാക്കുന്നു(സങ്കീ 135:7)

<u>**ധ്യാനചിന്ത**</u> ഒരു വിത്തിനെ അധീകരിച്ചുള്ള ധ്യാനം

ലീ: ഒരു വിത്ത് ഒരു കളയല്ല ഒരു കള കാഴ്ചയിൽ വിത്തിനു സമ മാണ്.

പ്ര: വിത്തിനും കളയ്ക്കും മദ്ധ്യേ ജീവൻ തളിർക്കുന്നു. ഒരു വിത്ത് ഒരു വിശ്രമ സ്ഥലം തേടുന്നു. ഭൂമിയുടെ ഉദരത്തിലെ ഒരു വീട് മാത്രമാണത്.

ലീ: ഹേ വിത്തേ, നീ ജീവന്റെ പ്രതീകമാണ് നിന്റെ ക്ഷമ നിന്നെ വലിയവനാക്കുന്നു.

പ്ര: ഭൂമിയുടെ നെഞ്ചോട് ചുറ്റിപ്പിടിക്കാനുള്ള നിന്റെ വിനയം എത്രയോ വലിയത്!

ലീ: ഉയിർത്തെഴുന്നേൽക്കാനുള്ള നിന്റെ ഉത്സാഹം നിന്നെ അനശ്വരനാക്കുന്നു. നിന്റെ ഉള്ളിലെ ശക്തി ഭൂമിയിലെ ജീവന്റെ ഉറവിടമായിരിക്കട്ടെ.

പ്ര: മരിക്കുന്നതിനുള്ള നിന്റെ സൻമനസ്സ് ഞങ്ങൾക്ക് എന്നും ജീവിക്കാനുള്ള പാഠമാകട്ടെ.

എല്ലാവരും ചേർന്ന്: ‘‘കോതമ്പുമണി മണ്ണിൽ വീണ് അഴിയുന്നില്ലെങ്കിൽ അത് അങ്ങനെ തന്നെ ഇരിക്കയേ ഉള്ളു. അഴിയുന്നെങ്കിലോ അത് വളരെ വിളവ് നല്കും’’ (യോഹ 12:24)

ലീ: പരിസ്ഥിതി പാപങ്ങൾ ഏറ്റു പറയുന്നതിനുള്ള ആഹ്വാനം

വായന: സങ്കീർത്തനം 104:5 – 14

(മറുവശം)

ലീ: <u>പരിസ്ഥിതി പ്രബോധനം `പ്രകൃതി – ഒരു പുസ്തകം'</u>

സർവ്വേശ്വരന്റെ സൃഷ്ടിയാൽ പ്രകൃതി വായിക്കുന്നതിനു നൽകിയ തുറന്ന പുസ്തകം! ആ പുസ്തകത്തിലെ എല്ലാ ലിപികളും വായിക്കുവാൻ ആർക്കു കഴിയും? വായിക്കുവാനുള്ള താളുകൾ വായിച്ചതിലും ബഹുശതം ഭൂമിയുടെ ആഴം ആരുകണ്ടു? സമുദ്രത്തിന്റെ അഗാധതയിൽ ആർക്കു ചെല്ലുവാൻ കഴിയും? ആകാശത്തിന്റെ അറുതി എവിടെ? റോസാപുഷ്പത്തിന്റെ ആനന്ദം തേനീച്ചയുടെ പ്രവർത്തന ക്ഷമത ചിത്രശലഭത്തിന്റെ രൂപഭംഗി കുരുവിയുടെ ശബ്ദ സൗന്ദര്യം തേനീച്ചയോടു വരിക എന്നു വിളിച്ചു പറയുന്ന തേൻമാവിന്റെ ആഹ്ളാദം ആർക്കു ഗ്രഹിക്കുവാൻ കഴിയും? ആർക്കു വർണ്ണിക്കുവാൻ സാധിക്കും. അറിയാവുന്നതിൽ സന്തോഷിക്കുവാനും അറിയുവാൻ ആഗ്രഹിക്കുവാനും അറിയുന്നവയെ സ്തോത്രഗീതമാക്കി ആലപിക്കുവാനും സ്രഷ്ടാവിന്റെ മുൻപിൽ നമ്രശിരസ്കനായി നിന്ന് സർവ്വേശ്വരന്റെ കരവിരുത് എത്രയോ ശ്രേഷ്ഠം എന്നു വിളിച്ചു പറയുന്നതിനും കൃപയരുളുക

പ്ര: "എന്റെ ദൈവമായ യഹോവ നീ ഏറ്റവും വലിയവൻ, മഹത്വവും തേജസ്സും നീ ധരിച്ചിരിക്കുന്നു."

**<u>പരിസ്ഥിതി ധ്യാനം</u>**:- പഞ്ചഭൂതങ്ങളെ (വായു, വെള്ളം, അഗ്നി, ആകാശം, ഭൂമി) അടിസ്ഥാനമാക്കി അഞ്ചുപേർ ലഘുസന്ദേശം നൽകുക(രണ്ടു മിനിറ്റു വീതം)

ഗീതം "O Lord my God, when I in awesome wonder"(First 2 stanzas)

എല്ലാവരും Consider all the works Thy hand hath made;
I see the stars, I hear the mighty thunder,
Thy power throughout the universe displayed.
Refrain
Then sings my soul, my Saviour God to Thee,
How great thou art! How great Thou art!
Then sings my soul, my Saviour God to Thee,
How great thou art! How great Thou art!
When through the woods and forest glades I wander,
And hear the birds sing sweetly in the trees;
When I look down from lofty mountain grandeur,
And hear the brook, and feel the gentle breeze(Repeat Refrain)

(അല്ലെങ്കിൽ പരിസ്ഥിതി ആദ്ധ്യാത്മികത ഉള്ള വേറൊരു ഗാനം പാടുക)

**<u>പരിസ്ഥിതി ആശീർവ്വാദം</u>**(എല്ലാവരും)

സകല ചരാചരങ്ങൾ, നന്മയും സമാധാനവും കൊണ്ട് നിറയട്ടെ, എല്ലാ ജീവജാലങ്ങളും, ബലമുള്ളവയും ഇല്ലാത്തവയും, ചെറുതും വലുതും കാണുവാൻ പറ്റുന്നവയും, കാണുവാൻ വഹിയാത്തതും, ദൂരെ വസിക്കുന്നതും സമീപമുള്ളവയും ജനിച്ചവയും ജനിക്കാനിരിക്കുന്നവയും സകലവും ആന്തരിക സമാധാനത്തെ നേടട്ടെ.

"ജീവനുള്ളതൊക്കെയും സ്രഷ്ടാവിനെ സ്തുതിക്കട്ടെ." (സങ്കീ. 150:6)*

*ആരാധനാ മദ്ധ്യേ ഈ വേദഭാഗം അടിസ്ഥാനമാക്കി സന്ദേശം നൽകാവുന്നതാണ്.

തയ്യാറാക്കിയത്: മാർത്തോമ്മാ സഭ ഇക്കോളജിക്കൽ കമ്മീഷൻ – 2014

Forwarded to His Grace the Metropolitan for approval,

# പരിസ്ഥിതി ഞായറാഴ്ച – 2014
## പ്രസംഗക്കുറിപ്പ്

വേദ ഭാഗങ്ങൾ: ഉൽപ്പത്തി 2:10–17; സങ്കീ 104:14–27; റോമർ 8:18–25

പരിസ്ഥിതി ദർശനം വിശ്വാസത്തിന്റെ ഭാഗമാണ്. ദൈവജനം എന്ന നിലയിൽ നാം ദൈവത്തിന്റെ ലോകത്തെയും ജൈവവൈവിധ്യത്തെയും ഗൗരവമായി എടുക്കുന്നോ എന്നു സംശയിക്കുന്നു. പരിസ്ഥിതി സംബന്ധമായ ചില ചിന്തകൾ ഇവിടെ പങ്കുവെക്കുന്നു.

**1.സൃഷ്ടിയിലെ ദൈവിക പദ്ധതി(God's eternal purpose in creation)**

വേദപുസ്തകം ആരംഭിക്കുന്നതും അവസാനിക്കുന്നതും ദൈവത്തിന്റെ തോട്ടത്തിലാണ്(Garden)

ദൈവത്തിന്റെ തോട്ടം ഫലഭൂയിഷ്ടമാക്കുന്നത് നദികളാണ്

ദൈവത്തിന്റെ തോട്ടത്തിൽ പക്ഷി മൃഗാദികളും വൃക്ഷലതാദികളും ഉണ്ട്.

ദൈവത്തിന്റെ തോട്ടം കാപ്പാനും വേല ചെയ്യാനും ശിക്ഷണത്തിനു വിധേയമാക്കി വാഴുവാനും മനുഷ്യനെ സൃഷ്ടിച്ചു.

ദൈവം നല്ലതെന്നു പ്രഖ്യാപിച്ചതിനെ മലിനീകരിക്കുന്നത് ദൈവസ്നേഹത്തോടും ദൈവനീതിയോടും ഉള്ള മറുതലിപ്പും ദൈവനിഷേധവും ആണ്. ശുശ്രൂഷ ചെയ്യുവാനും കാത്തു സൂക്ഷിക്കുവാനും എന്ന അർത്ഥം വരുന്ന വാക്കുകളാണ് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. ''Shamar''(കാപ്പാൻ) എന്ന എബ്രായ പദത്തിന് തോട്ടത്തെ അതിന്റെ സജീവതയിലും സചേതനയിലും സൗന്ദര്യത്തിലും സംരക്ഷിക്കുക, ജീവൻ അതിന്റെ പൂർണ്ണതയിൽ നിലനിർത്തുക, പ്രകൃതിയോടുള്ള ഊഷ്മള ബന്ധം കാത്തു സൂക്ഷിക്കുക എന്നിത്യാധി അർത്ഥവ്യാപ്തി ഉണ്ട്. (Keep in all vitality, with all energy and beauty, nurturing all life fulfilling relationships with land, creatures, sustaining air and water)

**2.മനുഷ്യാവതാരത്തിലെ ദൈവോദ്ദേശ്യം (God's purpose in incarnation)**

സൃഷ്ടിയെ സമഗ്രതയിലേക്കും ജീവന്റെ പൂർണ്ണതയിലേക്കും നയിക്കുവാനാണ് ദൈവം മനുഷ്യനായത്. ''അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനുമാണ്'' ദൈവപുത്രൻ വന്നത്. ദൈവം മനുഷ്യനെ മാത്രമല്ല, സകല ചരാചരങ്ങളെയും സ്നേഹിച്ചു. ബേത്‌ലഹേമിലെ പൈതൽ മനുഷ്യനോടും ജീവജാലങ്ങളോടും ഒപ്പം വസിക്കുകയും ആകാശത്തിലെ പറവകളെയും വയലിലെ താമരയെയും കരുതുകയും ചെയ്യുന്നു.

**3.യുഗാന്ത്യ ദർശനത്തിലെ ദൈവോദ്ദേശ്യം(God's purpose in eschatology)**

ദൈവത്തിന്റെ വീണ്ടെടുപ്പ് പ്രക്രിയയിൽ മനുഷ്യനും പ്രകൃതിയും സർവ്വചരാചരങ്ങളും ഉൾപ്പെടുന്നു. കാലസമ്പൂർണ്ണതയിൽ ക്രിസ്തുവിൽ എല്ലാം സംയോജിപ്പിക്കപ്പെടുന്നു (എഫെ.1:10). ക്രിസ്തുവിൽ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്നു. സർവ്വസൃഷ്ടിയും ദൈവപുത്രന്റെ മഹത്വ പ്രത്യക്ഷതയ്ക്കായി കാത്തിരിക്കുന്നു. ദൈവ മക്കളുടെ സ്വാതന്ത്ര്യത്തിൽ പ്രകൃതിയും പങ്ക് ചേരുന്നു (റോമ 8:19)

**4.പരിസ്ഥിതി പാപങ്ങൾ (Ecological sins)**

i. ഫലഭൂയിഷ്ടമായ ഭൂമിയെ ഊഷരഭൂമിയാക്കുന്നു.
ii. മണ്ണും വായുവും ജലവും വിഷലിപ്തമാക്കുന്നു, ശബ്ദമലിനീകരണം ദുസ്സഹമാകുന്നു.
iii. ഇന്ധനത്തിന്റെയും fluorocarbon–ന്റെയും അമിത ഉപഭോഗം അന്തരീക്ഷ ഊഷ്മാവ് വർദ്ധിപ്പിക്കുന്നു.
iv. ഹരിതവനങ്ങളും കാടുകളും വെട്ടിനശിപ്പിക്കുന്നു. സമാധാനത്തിന്റെ ചിന്നമാണ് വൃക്ഷങ്ങൾ.

v. പരിസ്ഥിതി പാപങ്ങളെക്കുറിച്ചുള്ള അവബോധം നിരന്തരം വച്ചു പുലർത്തേണ്ടതാണ്. പാപമോചനത്തിനു വേണ്ടിയുള്ള അനുതാപ പ്രാർത്ഥനയിൽ സാമൂഹികമാനമുള്ള പരിസ്ഥിതി പാപങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

5. **വിഭവചൂഷണം(Exploitation of resources)**

ഭൂഗർഭജലത്തെ നാം അന്യായമായി ചൂഷണം ചെയ്യുന്നു. നമുക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ വസ്തുക്കൾ നാം പൂഴ്ത്തിവയ്ക്കുന്നു. ജനിക്കുവാനുള്ള തലമുറകൾക്കു കൂടി അവകാശപ്പെട്ട ഇന്ധന സ്രോതസ്സുകൾ ദുരുപയോഗം ചെയ്യുന്നു.

**പ്രവാചകൻ പറയുന്നതു ശ്രദ്ധിക്കുക:**

''നന്നായിട്ടു മേയുകയും ബാക്കിയുള്ളത് കാൽകൊണ്ടു ചവിട്ടിക്കളയുകയും ചെയ്യുന്നു. തെളിഞ്ഞ വെള്ളം കുടിച്ചിട്ട് ബാക്കിയുള്ളത് കാൽകൊണ്ട് ചവിട്ടികലക്കുന്നു.''(യെഹെ 34:18).

മറ്റുള്ളവരെക്കുറിച്ചു കരുതലില്ലാത്ത വ്യക്തിയുടെ സ്വഭാവമാണിത് (ലേവ്യ 19:9–10) കാണുക.

6 **നമ്മുടെ ഉത്തരവാദിത്വം(Ecological responsibility)**

ഭൂമി നമ്മുടേതല്ല, ദൈവത്തിന്റേതാണ്. നാം അതിന്റെ കാര്യവിചാരകരും (Stewards) രക്ഷകർത്താക്കളും (Parents) ആണ്. ദൈവം നമ്മെ സംരക്ഷിക്കുന്നതുപോലെ ദൈവത്തിന്റെ ഭൂമിയെ നാം പരിരക്ഷിക്കണം. നദികളും തീർത്തടങ്ങളും സംരക്ഷിക്കപ്പെടണം. അന്തരീക്ഷം മലിനമാകാതെ സൂക്ഷിക്കണം. ഇവിടെയാണ് ഗാഡ്ഗിൽ – കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ പ്രസക്തി. പരിസ്ഥിതിക്ക് ആഘാതമേൽക്കാതെയാണ് പരിസ്ഥിതി ലോലപ്രദേശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത്. ഇക്കോ നീതിയാണ് (eco-justice) ഇന്നിന്റെ ആവശ്യം.

7. **നമ്മുടെ തീരുമാനങ്ങൾ (Resolutions)**

United Nations 2014 "രാജ്യാന്തര കുടുംബകൃഷി വർഷമായി'' പ്രഖ്യാപിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ നാം ചെയ്യേണ്ട കാര്യങ്ങൾ താഴെപ്പറയുന്നു.

i. എല്ലാകുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിച്ച് ഒരു കൃഷി സംസ്ക്കാരം വളർത്തണം.

ii. ഭക്ഷ്യസുരക്ഷ, പോഷകലഭ്യത ഉറപ്പു വരുത്തണം. എല്ലാ വീടുകളിലും ഒരു പച്ചക്കറി തോട്ടം ഉണ്ടാക്കണം.

iii. സ്വന്തം വീട്ടിലെ മാലിന്യങ്ങൾ അവിടെ തന്നെ സംസ്ക്കരിക്കണം (ബയോഗ്യാസ്, ജൈവവളം മുതലായ)

iv. പ്രകൃതി വിഭവങ്ങളും പരിസ്ഥിതിയും സംരക്ഷിക്കണം.

v. വീടിനു ചുറ്റും, സ്വന്തം ഭൂമിയിലും വൃക്ഷങ്ങളും, ഔഷധച്ചെടികളും നട്ടു പിടിപ്പിക്കണം, ഭൂമി തരിശായി ഇടാതെ സൂക്ഷിക്കണം.

vi. Reduce, Recycle, Reuse എന്നീ പരിസ്ഥിതി സൂക്തങ്ങൾ ഓർക്കേണ്ടതാണ്.

മാർത്തോമ്മാ സഭ ഇക്കോളജിക്കൽ കമ്മീഷൻ തയ്യാറാക്കിയത്

Forwarded to His Grace the Metropolitan for approval